**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **08-08-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട ഫയർ സ്റ്റേഷന്റെ നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാട്ടാക്കട ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിനായി അനുമതി ലഭ്യമായ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും ഇനിയും പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാട്ടാക്കട ഫയർ സ്റ്റേഷൻ കെട്ടിടം പൂർത്തിയാക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള അവശേഷിക്കുന്ന പ്രവൃത്തികളും, സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അധിക പ്രവൃത്തികളും, ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. ഭരണാനുമതിക്കു വിധേയമായി കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ പുതിയ കെട്ടിടത്തിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്മേൽ ഭരണാനുമതി ലഭ്യമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ബി) | പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ